"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ/നിലവിലെ അംഗങ്ങൾക്കും പെൻഷൻകാർക്കും 2026-ലെ ഓണം ഉത്സവബത്ത അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.579/2026/TAXES തീയതി,തിരുവനന്തപുരം, 31-07-2026

---

പരാമർശം:- കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 17.06.2026, 17.07.2026 തീയതികളിലെ LWHO/24/2026-E1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്ററുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും 2026-ലെ ഓണം ഉത്സവബത്ത അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനായി പരാമർശ കത്തുകൾ പ്രകാരം ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ലഭ്യമാക്കിയിരുന്നു.

2.സോഫ്റ്റ്‌വെയർ റിപ്പോർട്ട് പ്രകാരം നിലവിൽ ക്ഷേമനിധിയിലെ 26,980 സജീവ അംഗങ്ങളും 9,345 പെൻഷൻകാരും ഓണം ഉത്സവബത്തയ്ക്ക് അർഹരാണെന്നും 2026-2027 വർഷത്തെ ബജറ്റ് വിഹിതമായി ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുള്ള 56 കോടി രൂപയിൽ നിന്നും സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും ഓണം ഉത്സവബത്ത നൽകുന്നതിനുള്ള തുക 2075-00-103-96-00-10-00-NV LOTTERY AGENTS & SELLERS WELFARE FUND CONTRIBUTIONS എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനും അനുവദിക്കുന്ന തുക ക്ഷേമനിധി ബോർഡിന്റെ ഫെഡറൽ ബാങ്ക് സ്റ്റാച്യു ബ്രാഞ്ചിലുള്ള അക്കൗണ്ടിലോ [SB A/c No. 10300100427691 (IFSC FDRL0001030)] ബോർഡിന്റെ ട്രഷറിയിലുള്ള STSB അക്കൗണ്ടിലോ (അക്കൗണ്ട് നമ്പർ 799011400004208) വരവാക്കി നൽകുന്നതിനും നടപടി സ്വീകരിക്കണമെന്നും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്ററുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ/നിലവിലെ അംഗങ്ങൾക്ക് ₹8,500/-(എണ്ണായിരത്തി അഞ്ഞൂറ് രൂപ

മാത്രം) നിരക്കിലും പെൻഷൻകാർക്ക് ₹3,750/-(മൂവായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം)നിരക്കിലും ഓണം ഉത്സവബത്ത അനുവദിക്കുന്നതിനും ഇതിനാവശ്യമായ ₹26,47,11,250/-(ഇരുപത്താറ് കോടി നാല്പത്തേഴ് ലക്ഷത്തി പതിനൊന്നായിരത്തി ഇരുനൂറ്റമ്പത് രൂപ മാത്രം) **2075-00-103-96-00-10-00-NV LOTTERY AGENTS & SELLERS WELFARE FUND CONTRIBUTIONS** എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിക്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ടി തുക കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ ട്രഷറിയിലുള്ള **STSB** അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : **799011400004208**) വരവാക്കി നല്കുന്നതിനുള്ള നടപടി നികുതി വകുപ്പിലെ **DDO** സ്വീകരിക്കേണ്ടതാണ്.

5. ഉത്സവബത്തയിനത്തിൽ വിതരണം ചെയ്യുന്നതിനായി അനുവദിക്കുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിൽ ലഭ്യമാക്കുന്നതിനും വിതരണത്തിന് ശേഷം ബാക്കിയാകുന്ന തുക സമയബന്ധിതമായി സർക്കാരിൽ തിരിച്ചടയ്ക്കുന്നതിനും ഇതു സംബന്ധിച്ച അക്കൗണ്ടുകൾ റീ കൺസിലിയേഷൻ ചെയ്ത് സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ / ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
7. സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയേറ്റ് സബ് ട്രഷറി, തിരുവനന്തപുരം
8. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9. ധനകാര്യ വകുപ്പ് (**30.07.2026**-ലെ **1825064/Exp.B1/372/2021-Fin** പ്രകാരം)
10. **DDO**, നികുതി വകുപ്പ്

11. വിവര പൊതുജന സമ്പർക്ക (വെബ് & മീഡിയ) വകുപ്പ്
12. കരുതൽ ഫയൽ / ഓഫീസ് കോപ്പി (TAXES-H1/160/2026-TAXES)

ഉത്തരവിൻ പ്രകാരം

Digitally signed by
Babu G
Date: 31-07-2026
13:33:31

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്